പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *252 9.7.2015- ൽ മറുപടിക്ക്

**അളവുതൂക്ക ഉപകരണങ്ങളിലെ കൃത്രിമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കൃഷ്ണൻ | അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) അളവുതൂക്ക ഉപകരണങ്ങളിൽ കൃത്രിമം കാണിക്കുന്നത് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ : പ്രസ്തുത പരിശോധന കൃത്യമായി നടക്കാറുണ്ടോ: | (എ) ജില്ലാ തലത്തിൽ അസിസ്റ്റന്റ് കൺട്രോളറും താലൂക്ക് തലത്തിൽ ഇൻസ്പെക്ടർമാരും സാധാരണ പരിശോധന നടത്തി വരുന്നു. ഇതിനു പുറമേ എല്ലാ ജില്ലയിലും ഓരോ ഫ്ളയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളറും പരിശോധനയ്ക്കായി നിലവിലുണ്ട്. ഈ പരിശോധനകൾ കൃത്യമായും കാര്യക്ഷമമായും നടത്തി വരുന്നു. ഈ ഉദ്യോഗസ്ഥർ സാധാരണ വെരിഫിക്കേഷൻ ജോലികളും ചെയ്തു വരുന്നു. ഈ വിധമുള്ള പരിശോധനാ ജോലികൾ കൃത്യമായി നടക്കുന്നുണ്ട്. |
| (ബി) പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ഏറെയും കൃത്രിമം കാണിക്കുന്ന കച്ചവടക്കാർക്ക് അനുകൂലമായ സമീപനം സ്വീകരിക്കുകയും അതിന് കൈക്കൂലി പറ്റുകയും ചെയ്യുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവൃത്തികൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം പ്രവർത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വാഹനങ്ങളിലെ മീറ്ററടക്കം റീസെറ്റ് ചെയ്യുന്നത് സ്വകാര്യ ഏജൻസികളാണെന്ന ആക്ഷേപം പരിശോധിച്ചി ട്ടുണ്ടോ; | (സി) | ഉണ്ട്. എന്നാൽ വകുപ്പിൽ വാഹനങ്ങളിലെ മീറ്റർ അടക്കം റീസെറ്റ് ചെയ്യുന്നത് സംബന്ധിച്ച് ഏജൻസികളെയൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഉപഭോക്താക്കൾ ഹാജരാക്കുന്ന വാഹനങ്ങളിലെ മീറ്ററിന് എന്തെങ്കിലും സർവ്വീസിംഗ്/ റിപ്പയറിംഗ് ആവശ്യമായി വരുന്ന പക്ഷം വകുപ്പിൽ നിന്നും അതിനുള്ള റിപ്പയർ ലൈസൻസ് ഉള്ളവരാണ് മേല്പടി ജോലികൾ നിർവ്വഹിച്ചു വരുന്നത്. ഇതിന് അവർ ഈടാക്കുന്ന സർവ്വീസ് ചാർജ്ജിന് വ്യക്തമായ ലൈസൻസ് നമ്പർ രേഖപ്പെടുത്തിയ ബില്ല് നൽകുന്നുണ്ട്. |
| (ഡി) | ത്രാസ്സുകൾ റഗുലറൈസ് ചെയ്യുന്നതും സീൽ ചെയ്യു ന്നതുമെല്ലാം ഏജൻസികൾ വഴിയാണെന്ന പരാതി ഉയർന്നിട്ടുണ്ടോ ; | (ഡി) | ഉണ്ട്. എന്നാൽ വകുപ്പിൽ ത്രാസുകൾ പരിശോധിക്കുന്നതും മുദ്ര വയ്ക്കുന്നതും സംബന്ധിച്ച ഏജൻസികളെയൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഉപയോക്താക്കൾ ഹാജരാക്കുന്ന അളവു തൂക്ക ഉപകരണങ്ങൾക്ക് എന്തെങ്കിലും സർവ്വീസിംഗ്/റിപ്പയറിംഗ് ആവശ്യമായി വരുന്ന പക്ഷം വകുപ്പിൽ നിന്നും അതിനുള്ള റിപ്പയർ ലൈസൻസ് ഉള്ളവരാണ് മേല്പടി ജോലികൾ നിർവ്വഹിച്ചു വരുന്നത്. ഇതിന് അവർ ഈടാക്കുന്ന സർവ്വീസ് ചാർജ്ജിന് വ്യക്തമായ ലൈസൻസ് നമ്പർ രേഖപ്പെടുത്തിയ ബില്ല് നൽകുന്നുണ്ട്. ഇപ്രകാരമുള്ള റിപ്പയർ സർവ്വീസിനുള്ള ചാർജ്ജ് ഈടാക്കുന്നത് വ്യാപാരി വ്യവസായി സംഘടനകളും ലീഗൽ മെട്രോളജി ലൈസൻസികളുടെ സംഘടനകളും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരമാണ്. |
| (ഇ) | ഈ വർഷം ഇതുവരെ അളവു തൂക്കങ്ങളിൽ കൃത്രിമം കണ്ടുപിടിക്കപ്പെട്ട എത്ര കേസുകൾ ഉണ്ടെന്ന് അറിയിക്കാമോ; ഇങ്ങനെ പിടിക്കപ്പെടുന്നവർക്കുള്ള ശിക്ഷയെന്തെന്ന് വ്യക്ത മാക്കാമോ? | (ഇ) | ഈ വർഷം ഇതുവരെ അളവുതൂക്കങ്ങളിൽ കൃത്രിമം കണ്ടുപിടിക്കപ്പെട്ട 10396 കേസുകൾ കണ്ടെത്തുകയും 2,53,94,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കണ്ടുപിടിക്കുന്ന കേസുകളിൽ വകുപ്പ് തലത്തിൽ പിഴ അടച്ച് രാജിയാക്കാത്തവ നിയമാനുസൃതം കോടതി നടപടികൾക്ക് വിധേയമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ